Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനേക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300). എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ച് നൽകുന്നു. നിലവിലുള്ള ചട്ടപ്രകാരം മാത്രമേ സ്ഥാനക്കയറ്റം നൽകാനാകൂ.

(സി) പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലെ സേവന കാലയളവുകൂടി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി.-മാരിൽ നിന്നും എച്ച്.എം.-മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി. സീനിയർ തസ്തിക. സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽനിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനം സാധ്യമല്ല.

വയനാട് ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ

190(2546) <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽനിന്നും ഇത്തവണ ഉപരിപഠനത്തിന് അർഹത നേടിയ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽനിന്നും ഇത്തവണ 11,518 എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ ഉപരി പഠനത്തിന് അർഹത നേടിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ആകെ എത്ര പ്ലസ് വൺ സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

8,706

(സി) ഉപരിപഠനത്തിന് അർഹത നേടിയ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളിൽ പട്ടിക വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളുണ്ടെന്ന് അറിയിക്കാമോ?

ഉപരിപഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളിൽ 2,815 പേർ പട്ടിക വിഭാഗത്തിൽപ്പെട്ടവരാണ്.

(ഡി) പട്ടിക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കുന്നതിനായി സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ

191(2547) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011-2016 കാലയളവിൽ യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി മേഖലയിൽ (സർക്കാർ/എയ്ഡഡ്) അഞ്ച് വർഷം സേവനം പൂർത്തിയാക്കുന്ന ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ പ്രിൻസിപ്പാൾ പ്രൊമോഷൻ, പൊതുസ്ഥലം മാറ്റം എന്നിവയിലേയ്ക്ക് പരിഗണിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly